# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1534.

12-06-2019 ൽ മറുപടിയ്ക്ക്

## നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.കെ. ബാബു

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2018-19 വർഷം നെല്ലുൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 2015-16 സാമ്പത്തിക വർഷം 1,96,870 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയിൽ നിന്നും 5,49,275 ടൺ അരിയാണ് ഉല്പാദിപ്പിച്ചത്. 2018-19 ലെ നക്കൽ കണക്കുകൾ പ്രകാരം 2,02,985.24 ഹെക്ടർ നെൽകൃഷിയിൽ നിന്നും 5,53,052.148 ടൺ അരിയാണ് ലഭിച്ചത്.<br>ഒന്നാം വിളക്കാലത്തെ പ്രളയത്തെ തുടർന്ന് നശിക്കാത്ത നെല്പാടങ്ങളിലും, പ്രളയം ഉല്പാദനത്തെയും ഉല്പാദനക്ഷമതയെയും പ്രതികൂലമായി ബാധിച്ചു. ഉല്പാദനക്ഷമത 1227 കിലോ മാത്രമായിരുന്നു. എന്നാൽ, കൃത്യമായ ഇടപെടലുകളിലൂടെ, തുടർന്ന് നടത്തിയ കൃഷിയിൽ പല സ്ഥലത്തും ഉല്പാദനക്ഷമത 8000 കിലോയോളം വർദ്ധിച്ചിരുന്നു. |
| (ബി) | ഇതിനായി സംസ്ഥാനസർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) | 2018 ജൂലൈ ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി നശിച്ചിരുന്നു. എന്നിട്ടും സമയോചിതമായ ഇടപെടലും വിത്തും മറ്റു ഉല്പാദനോപാധികളും യഥാസമയം ഏർപ്പാടാക്കി നൽകിയതും മൂലം വിസ്തൃതിയിൽ കാര്യമായ കുറവ് ഉണ്ടായില്ല. പ്രളയം കഴിഞ്ഞയുടൻ തന്നെ തുടർ കൃഷിയിറക്കുന്നതിനു 100% സബ്സിഡിയിൽ നെൽ വിത്ത് നൽകി. പ്രളയാനന്തര കൃഷിക്കും തുടർന്നുള്ള മുണ്ടകൻ/പുഞ്ച കൃഷിക്കുമായി 5650.85 ടൺ വിത്ത് ഇത്തരത്തിൽ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. 75% സബ്സിഡി നിരക്കിൽ കുമ്മായവും വിതരണം ചെയ്തു. |

| | | | |
|---|---|---|---|
| | | | പ്രളയബാധിത പ്രദേശങ്ങളിൽ വെള്ളം പമ്പു ചെയ്തു മാറ്റുന്നതിനായി പമ്പിങ് സബ്സിഡി വിതരണത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുകയും, വൈദ്യുതി ലൈനുകൾ പുന:സ്ഥാപിക്കുകയും, പെട്ടി പറ, മോട്ടോറുകൾ, മോട്ടോർത്തറ, പമ്പുഹൗസുകൾ എന്നിവയെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുകയോ പുന:സ്ഥാപിക്കുകയോ ചെയ്യുകയും ചെയ്തു. 17213 ഹെക്ടർ സ്ഥലത്ത് നിന്നും പ്രളയത്തിൽ വന്നടിഞ്ഞ മണ്ണു നീക്കം ചെയ്യുന്നതിനായി 21 കോടി രൂപ ചെലവു ചെയ്താണ് നെൽ വയലുകൾ കൃഷിയോഗ്യമാക്കിയത്. 43 പാടശേഖരങ്ങളിൽ ബണ്ടുകൾ നിർമ്മിച്ചു. കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പെട്ടെന്നുണ്ടായ കീടബാധയും (pest outbreak) യഥാസമയം നടപടികൾ സ്വീകരിച്ച് നിയന്ത്രണവിധേയമാക്കാൻ സാധിച്ചു.<br>സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴു പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാനസൗകര്യ വികസനത്തിനു മുൻ തൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു.<br>നെൽകൃഷി വികസന പദ്ധതിപ്രകാരം സുസ്ഥിരനെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5500/- രൂപയും, സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10000/- രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10000/- രൂപയും കരനെൽ കൃഷിക്ക് 13600/- രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30000/- രൂപയും രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയുമാണു ധനസഹായം നൽകുന്നത്. ഇതിനു പുറമെ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത |

| | | |
|---|---|---|
| | | ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.<br>2017-18 സാമ്പത്തിക വർഷം ബ്ലോക്ക് തല സംയോജനത്തിനും, റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയധിഷ്ഠിത ധനസഹായം നൽകിയിരുന്നു.<br>രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരം നെൽ വിത്ത് വാങ്ങുന്നതിനു ഹെക്ടറിനു 1000/- രൂപയും, കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും, സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, സംയോജിത കീടനിയന്ത്രണത്തിന് 500/- രൂപയും, കസ്റ്റം ഹയറിങ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1500/- രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4500/- രൂപയുടെ ധനസഹായം നൽകുന്നു.<br>ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000/- രൂപ ധനസഹായം നൽകും. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15000/- രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000/- രൂപയും നൽകും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും ആനുകൂല്യം നൽകുന്നു. മരുന്നു തളിക്കുന്നതിനുള്ള സ്പ്രെയറിന് 600/- രൂപയും പവർ സ്പ്രെയറിന് 3000/- രൂപയും വിന്നോവറിന് 10000/- രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10000/- രൂപ സബ്സിഡി നൽകും. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള ശ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതികളും നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ